# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 184 10.12.2012 ലെ മറുപടിക്ക്

### കണ്ണൂർ എയർപോർട്ട് പ്രോജക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ എയർപോർട്ട് പ്രോജക്ടിന്റെ കൺസൾട്ടന്റായി ഏതെല്ലാം സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട്; ഇതിനായി അപേക്ഷിച്ചിട്ടുള്ളവർ ഏതൊക്കെ കമ്പനികളായിരുന്നു ; | (എ) | കണ്ണൂർ എയർപോർട്ട് പ്രോജക്ടിന്റെ കൺസൾട്ടന്റായി നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.<br>1. വിമാനത്താവളത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ക്ലിയറൻസ് ലഭ്യമാക്കുന്നതിനും കേരള സർക്കാർ സ്ഥാപനമായ സെസ്സിനെ നിയോഗിച്ചിട്ടുണ്ട്.<br>2. വിമാനത്താവളത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR), മാസ്റ്റർപ്ലാൻ , റൺവേ ഡിസൈൻ ,എസ്റ്റിമേറ്റ്, എന്നിവയ്ക്ക് വേണ്ടി സിയാലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് .<br>3. ഇന്റഗ്രേറ്റഡ് പ്രോജക്ട് കൺസൾട്ടന്റായി എയ്കോം ഏഷ്യാ കമ്പനി ലിമിറ്റഡിനെ നിയോഗിച്ചിട്ടുണ്ട്.<br>4. കൺസൾട്ടൻസിക്കായി അപേക്ഷിച്ചിട്ടുള്ള കമ്പനികൾ താഴെ പറയുന്നവയാണ്.<br>a) എയ്കോം ഏഷ്യാ കമ്പനി ലിമിറ്റഡ്<br>b) ഇനെക്കോ<br>c) കിറ്റ്കോ ലിമിറ്റഡ്<br>d) മെയ്ൻഹാർഡ്ട് സിങ്കപ്പൂർ പ്രൈവറ്റ് ലിമിറ്റഡ്. |
| (ബി) | കൺസൾട്ടൻസി കമ്പനിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിൽ അവയിലെ വ്യവസ്ഥകളും കമ്പനി ചെയ്യേണ്ടുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും | (ബി) | കൺസൾട്ടൻസി കമ്പനിയുമായുള്ള എഗ്രീമെന്റിലുള്ള പ്രധാനപ്പെട്ട വ്യവസ്ഥകളും പ്രവർത്തികളും താഴെ പറയുന്നവയാണ്.<br>I. വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ ; | | 1) എഗ്രിമെന്റിന്റെ കാലാവധി വിമാനത്താവളം കമ്മീഷൻ ചെയ്യുന്നത് വരെയാണ്.<br>2) കൺസൾട്ടൻസി ഫീ, സർവ്വീസ് ടാക്സ് , മറ്റുള്ള ടാക്സസ് അടക്കം 13.18 കോടി രൂപയാണ്.<br>3) കൺസൾട്ടൻസി ഫീയുടെ 10% പെർഫോർമൻസ് ബാങ്ക് ഗ്യാരന്റിയായി കൺസൾട്ടന്റ് നൽകണം.<br>4) കൺസൾട്ടൻസി ഫീയുടെ 10% ബാങ്ക് ഗ്യാരന്റിയിന്മേൽ അഡ്വാൻസായി കൊടുക്കേണ്ടതുണ്ട്. ഇത് 6 തവണയായോ അല്ലെങ്കിൽ ബില്ലിന്റെ 10% ത്തിൽ ഏതാണോ കൂടുതൽ, അത് പിന്നീടുള്ള ബില്ലുകളിൽ നിന്ന് കുറയ്ക്കുന്നതുമാണ്.<br>5) കൺസൾട്ടൻസി ഫീ പതിനാറു തവണകളായി പുരോഗതി അനുസരിച്ച് എയർപോർട്ട് കമ്മീഷൻ ചെയ്യുന്നതോടു കൂടി കൊടുത്ത് തീർക്കേണ്ടതാണ്.<br>6) എയർപോർട്ട് പ്രോജക്ട് കമ്മീഷൻ ചെയ്യുന്നത് മുതൽ ഒരു വർഷത്തേക്കാണ് ഡിഫക്ട്സ് ലൈയബിലിറ്റി പീരിയഡ്.<br>7) എയർപോർട്ട് പ്രോജക്ട് സുഗമമായി പൂർത്തീകരിക്കുവാൻ മുപ്പതു സ്പെഷ്യലിസ്റ്റുകളെ കൺസൾട്ടന്റ് തരേണ്ടതായിട്ടുണ്ട്. ഇവർ ആരാണെന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>8) എഗ്രിമെന്റിൽ നിഷ്കർഷിക്കുന്ന പ്രധാനപ്പെട്ട നാഴികക്കല്ലുകളും, ചെയ്യേണ്ട പ്രവർത്തികളും താഴെപ്പറയുന്നു.<br>**a)** വിശദമായ പ്രോജക്ട് റിപ്പോർട്ടും,(D.P.R) മാസ്റ്റർപ്ലാനും റിവ്യൂ ചെയുകയും, റിവ്യൂ റിപ്പോർട്ട് സമർപ്പിക്കലും;<br>**b)** സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, (പാരിസ്ഥിതിക അനുമതിയും , ഡി.ജി.സി.എ ലൈസൻസും ഒഴിച്ച്) ലഭിക്കുന്നതിൽ കമ്പനിയെ സഹായിക്കുക; |

| | | | |
|---|---|---|---|
| | | | **c)** ഡ്രോയിംഗ്സ്, എസ്റ്റിമേറ്റ്സ്, ടെണ്ടർ രേഖകൾ എന്നിവ തയ്യാറാക്കി സമർപ്പിക്കൽ;<br>**d)** കോൺട്രാക്ടുകളുടെ ടെണ്ടർ മൂല്യനിർണ്ണയത്തിലും, കോൺട്രാക്ടറെ നിയമിക്കുന്നതിലും കമ്പനിയെ സഹായിക്കുക;<br>**e)** നിർമ്മാണ ജോലിയുടെ പുരോഗതി മോണിറ്ററിംഗ്, സൂപ്പർവിഷൻ ;<br>**f)** എയർപോർട്ടിന് ആവശ്യമുള്ള ഉപകരണങ്ങൾ തിരഞ്ഞെടുക്കുക;<br>**g)** ടെസ്റ്റിംഗ്, കമ്മീഷനിംഗ്, ഫൈനൽ ക്ലിയറൻസ് ;<br>**h)** ഫിനാൻഷ്യൽ കൺസൾട്ടൻസി. |
| (സി) | ഏതെല്ലാം എയർപോർട്ട് പ്രോജക്ടുകളിൽ പ്രസ്തുത കമ്പനി നേരിട്ട് പ്രവർത്തിച്ചിട്ടുണ്ട് ? | (സി) | 1. ലക്ഷദ്വീപിലുള്ള നാല് ദ്വീപുകളിൽ എയർസ്ട്രിപ്പ് പണിയുന്നതിനു വേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനം സെസ്സ് നടത്തിയിട്ടുണ്ട് .<br>2. എയ്ക്കോം ഏഷ്യാ കമ്പനി ലിമിറ്റഡ് ചെയ്തിരിക്കുന്ന എയർപോർട്ട് കൺസൾട്ടൻസി ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ